[Mr. President.]

The safeguarding of the privileges of the House and the punishment for violation of such privileges may require a legislative enactment. It must be open to the Committee to make recommendations in this regard also.

LEGISLATIVE BUSINESS (NON—OFFICIAL)
THE TRAVANCORE PREVENTION OF CORRUPTION BILL

HON'BLE MR. A. THANU PILLAI: ഈ അൻറി കറപ്ഷൻ ബിൽ അവതരിപ്പിക്കണമോ എന്ന് എന്റെ സ്നേഹിതൻ മി. ചാക്കോ ഒന്നു കൂടി ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. കറപ്ഷൻ നീക്കുന്നതിന് കഴിവുള്ളതെല്ലാം ചെയ്യുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. ഇൻഡ്യാ ഗവണ്മെൻറിലുള്ളതുപോലെ ഒരു ബിൽ ഇവിടെ അവതരിപ്പിക്കണമെന്നും ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. എന്നതന്നെയല്ല മി. ചാക്കോ അവതരിപ്പിക്കാനുദ്ദേശിക്കുന്നതായ ബില്ലിലെ തത്വങ്ങളെല്ലാം തന്നെ അപ്പാടെ ഗവണ്മെൻറിന് സ്വീകരിക്കാൻ നിവൃത്തിയില്ല. അതിലുള്ള ചില തത്വങ്ങൾ ഗവണ്മെൻറിന് സ്വീകാര്യമല്ലാത്തതുകൊണ്ടും ഈ ഉദ്ദേശത്തോടുകൂടിത്തന്നെ മറെറാരു ബിൽ അവതരിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതുകൊണ്ടും ഇപ്പോഴത്തെ ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നു മി. ചാക്കോ തന്നെ ഒന്നു കൂടി ആലോചിക്കണമെന്നാണ് ഞാൻ പറയുന്നത്.

MR. P. T. CHACKO: ഈ ബില്ലിലെ ചില തത്വങ്ങളോട് ഗവണ്മെൻറ് യോജിക്കുന്നില്ല എന്നു പറയുന്നതുകൊണ്ടു ഈ ബില്ലിലെ തത്വങ്ങൾ എന്താണെന്നും അതിൽ ഗവണ്മെൻറിനു യോജിക്കാത്തവ ഏതെല്ലാമാണെന്നും വ്യക്തമാക്കാതെ അവതരിപ്പിക്കണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കാൻ നിർവാഹമില്ല.

HON'BLE MR. A. THANU PILLAI: പ്രധാനമായിട്ടു ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ അഴിമതിക്കു് അവരുടെ മേൽ കേസ് എടുക്കുന്നതിന് ഗവണ്മെൻറിന്റെ അനുവാദം വേണ്ടെന്നാണ് ഈ ബില്ലിൽ പറയുന്നതു. അതു് ഗവണ്മെൻറിനു സ്വീകരിക്കത്തക്കതല്ല. മറെറാന്നു് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതു ഇപ്പോഴുള്ള നിയമത്തെ ശാശ്വതമായി ഭേദപ്പെടുത്തുന്ന ഒരു വ്യവസ്ഥയാണു്. ഗവണ്മെൻറ് ആഫ് ഇൻഡ്യാ ഇപ്പോഴത്തെ ചില പ്രത്യേക പരിതസ്ഥിതികളെ കണക്കാക്കിയാണു് അങ്ങനെ ഒരു ബിൽ ഉണ്ടാക്കിയിട്ടുള്ളതു. രു വർഷക്കാലത്തേക്കു മാത്രം നടപ്പിലിരിക്കുന്നതായിട്ടേ അതിൽ വ്യവസ്ഥ ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളൂ. മി. ചാക്കോയുടെ ബില്ലിലാണെങ്കിൽ ഈ നിയമം എന്നും നിയമമായിട്ടിരിക്കണമെന്നാണു കാണുന്നതു്. ഇതും ഗവണ്മെൻറിനു സ്വീകാര്യമല്ലാത്ത ഒരു വ്യവസ്ഥയാണു്. ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസുകൾ എടുക്കുന്നതിനു് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതിൽ ഗവണ്മെൻറിനു് അഭിപ്രായവ്യത്യാസമില്ല. ഇത്തരം കേസുകൾ കാഗ്നിസിബിൾ ആക്കണമെന്നു പറയുന്നതിനോടും ഗവണ്മെൻറു യോജിക്കുന്നു. എന്നാൽ അതിനും ഗവണ്മെൻറ് അനുവാദം വേണ്ടതാണു്. ഉദ്യോഗസ്ഥന്മാരുടെ മേൽ കേസുകൾ എടുക്കുന്നതിനു് കൂടുതൽ സൗകര്യമുണ്ടായിരിക്കുന്നതിനായി പോലീസുകാർക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിനും മറ്റുമുള്ള കാര്യങ്ങൾക്കും ആവശ്യമെന്നു തോന്നിയാൽ നടപടികൾ നടത്തുന്നതിനു് സൗകര്യമുണ്ടാക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി അടുത്തുതന്നെ ഒരു ബിൽ അവതരിപ്പിക്കാമെന്നാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്.

MR. P. T. CHACKO: ബിൽ അവതരിപ്പിക്കുന്നതിനു് മുമ്പു് അതിലെ തത്വങ്ങളെപ്പറ്റി പ്രതിപാദിക്കാൻ അവകാശമുണ്ടോ?

MR. PRESIDENT: Rule 26 refers to introduction of a bill. It reads as follows:

"The President may order the publication in the Gazette of any Bill (together with the Statement of Objects and Reasons accompanying it) although no motion has been made for leave to introduce the Bill"

So the Hon'ble Member may decide whether he intends to introduce the bill or not. If he wants to introduce the bill then he will be allowed to make a statement.

അതനുസരിച്ചു അവതരിപ്പിക്കണമെന്നു നിർബന്ധിക്കുന്നുവെങ്കിൽ ഒരു സ്റ്റേറ്റുമെൻറിനു് അനുവാദം തരാം. അതല്ലാ, പിൻവലിക്കാനാണു ഉദ്ദേശിക്കുന്നതെങ്കിൽ അപ്രകാരം ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു് എൻറെ അഭിപ്രായം.

MR. P. T. CHACKO: ഇതിലെ തത്വങ്ങൾ എന്താണെന്നുള്ളതിനെപ്പറ്റി സഭാനേതാവിൻറെ ഒരു സ്റ്റേറ്റുമെൻറു് വന്നു കഴിഞ്ഞു. അതുകൊണ്ടു് ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബില്ലിൻറെ തത്വം അതാണോ, അല്ലെങ്കിൽ അതു് എന്തായിരിക്കും, ഗവണ്മെൻറു് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബില്ലിൻറെ തത്വം എന്താണു്, അവ തമ്മിലുള്ള വ്യത്യാസം എന്താണു, ഇവ അറിയുന്നതിനു വേണ്ടിയെങ്കിലും ഈ ബിൽ അവതരിപ്പിക്കാതിരിക്കുന്നതു് തെറ്റായിരിക്കുമെന്നാണു് എൻറെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ: പ്രസിഡൻറ് ഒരു കാര്യത്തെക്കുറിച്ചു ഒരു റൂളിംഗ് പാസ്സാക്കിയാൽ അതിനു വിപരീതമായി സ്റ്റേറ്റുമെൻറു പുറപ്പെടുവിക്കാൻ പാടില്ല. അതുകൊണ്ട് അതിനു ശേഷം പ്രസ്സുചെയ്യുന്നതു് ഓർഡറിൽ അല്ലേ?

MR. PRESIDENT: അങ്ങനെ ഒരു റൂളിംഗ മുമ്പു കൊടുത്തിട്ടില്ല.

MR. P. S NATARAJA PILLAI: Is it a motion for leave to introduce the Bill?

MR. PRESIDENT: The bill is published in the Gazette with the permission of the President. Now it is a question of introduction

MR P. T. CHACKO: ഏതായാലും, ഗവണ്മെൻറു തന്നെ ഈ സംഗതിയെപ്പറ്റി ഒരു ബിൽ താമസിയാതെ അവതരിപ്പിക്കാമെന്നു പറയുകൊണ്ടു എൻറെ ബിൽ ഞാൻ അവതരിപ്പിക്കുന്നില്ല.

RESOLUTIONS.

MR. P. NANOO: സംസ്ഥാനത്തുള്ള എല്ലാ നിലം പുരയിടങ്ങളിലും അടിസ്ഥാനനികുതിമാത്രം ചുമത്തിയും, ഇന്നു നിലവിലിരിക്കുന്ന തിരിപ്പുവാരം, ജന്മിക്കരം മുതലായവ നിറുത്തൽചെയ്യും വേണ്ട നിയമനിർമ്മാണം നടത്തണമെന്നു ഗവണ്മെൻറിനോടാവശ്യപ്പെടുന്നു.

HON'BLE MR A. THANU PILLAI: Sir, I rise to a point of order.

സർ, ഇതു സംസ്ഥാനത്തുള്ള എല്ലാ നിലം പുരയിടങ്ങളിലും അടിസ്ഥാനനികുതിമാത്രം ചുമത്തിയും, ഇന്നു നിലവിലിരിക്കുന്ന തിരിപ്പുവാരം ജന്മിക്കരം മുതലായവ നിറുത്തൽചെയ്യും വേണ്ട നിയമനിർമ്മാണം നടത്തണമെന്നു ഗവണ്മെൻറിനോടു് ആവശ്യപ്പെടുന്ന ഒരു പ്രമേയമാണു. ഇതു ഇവിടെ ആലോചനയ്ക്കെടുക്കാവുന്നതല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എല്ലാ നിലം പുരയിടങ്ങളെപ്പറ്റി അങ്ങനെ ഒരു നിയമം നടപ്പാക്കുന്നതിനു് ഈ സഭയ്ക്കു അധികാരം ഇല്ല.

MR. P. NANOO: എല്ലാ നിലം പുരയിടങ്ങളിലും എന്ന പദം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു സഭയുടെ അധികാരാതീതിയിലുള്ള നിലം പുരയിടങ്ങളാണു്. അതുകൊണ്ടു Interim Constitution Act ർ-ാംവകുപ്പുമൂലം ഒഴിവാക്കിയിട്ടുള്ള നിലം പുരയിടങ്ങളേയും നിശ്ചയം സ്പർശിക്കണമെന്നു് എനിക്കു ഉദ്ദേശമില്ല. അതുകൊണ്ടു ഇതേപ്പറ്റി ചർച്ചചെയ്യാൻ സഭയ്ക്കു അധികാരമുണ്ടെന്നുള്ള പ്രതിക്ഷയിലാണു ഈ പ്രമേയം ഇവിടെ ഹാജരാക്കിയിട്ടുള്ളതു.

LIBRARY ARCHIVES Kerala Legislative Assembly